വീട്ടിലിരിക്കൂ !!! സുരക്ഷിതരാകൂ !!!

കൊറോണക്കെതിരെ പ്രതിരോധം തീർക്കാൻ ഏറ്റവും നല്ല മാർഗം എല്ലാവരും വീട്ടിലിരിക്കുക എന്നതാണെന്ന് സർക്കാർ തീരുമാനമെടുത്ത നാളുകളിൽ അത് ജനങ്ങൾ എത്രത്തോളം നെഞ്ചിലേറ്റും എന്നതായിരുന്നു അവർക്ക് മുന്നിലെ ഏറ്റവും വലിയ വെല്ലുവിളി. അടുത്ത ഘട്ടത്തിൽ നിലപാട് ഇത്തിരി കർക്കശമായപ്പോൾ ആവശ്യമില്ലാതെ പുറത്തിറങ്ങിയാൽ ശിക്ഷ ലഭിക്കും എന്ന മുന്നറിയിപ്പ് വന്നു.
മലയാളിയല്ലേ..? പോലീസ് അടിക്കും എന്ന് പറഞ്ഞാൽ അവരടിക്കുമോ എന്നറിയാനുള്ള കൗതുകം മുന്നിൽ നിൽക്കും. ആ ചിന്തയിൽ ഇത്തിരി ഹാസ്യമുണ്ടെന്നും അതിലൂടെ ഒരു സന്ദേശം നൽകാമെന്നും ഇഷ്ടന് തോന്നിയത് ഒരുറക്കം ഉണർന്നെഴുന്നേറ്റപ്പോഴാണ്.

ഉടനെ വിളിച്ചു പ്രിയസുഹൃത്തിനെ. നമുക്ക് ഒരു ഐറ്റം ചെയ്താലോ? സുഹൃത്തുക്കൾ ഒത്തുകൂടി, സ്ക്രിപ്റ്റ് ആയി, ഷൂട്ടിംഗ്, എഡിറ്റിംഗ് എല്ലാം കഴിഞ്ഞ് ഐറ്റം പുറത്തുവന്നപ്പോൾ അതങ്ങ് ഹിറ്റ് ആയി.

ആ തോന്നൽ ഉള്ളിലുണ്ടായ കലാകാരനാണ് ഈ ആഴ്ചത്തെ നമ്മുടെ ടാലന്റഡ് ബാങ്കർ.

**അരുൺകുമാർ എസ്,**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,**
**ആർ ബി ഒ, പാലക്കാട്.**

കുവൈറ്റിൽ ജോലിയിലായിരുന്ന കൊടുവായൂർ സ്വദേശി എം സുന്ദരന്റെയും നിർമലയുടെയും മകനായി കുവൈറ്റിൽ ജനിച്ച അരുൺ പഠനകാലം തുടങ്ങുമ്പോഴേക്കും നാട്ടിലേക്ക് പറിച്ചുനടപ്പെട്ടിരുന്നു.
നാല് വരെ എൻ എസ് എസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും യൂ പി തലം കൊടുവായൂർ എം എം എം എസ് ബി എസിലും പ്ലസ് ടു വരെ കൊടുവായൂർ ഗവണ്മെന്റ് ഹൈസ്കൂളിലും ആയിരുന്നു വിദ്യാഭ്യാസം.
വളരെ ചെറുതിലേ വായന അരുണിന് ഹരമായിരുന്നു. അന്നേ നർമം ഇഷ്ടപ്പെട്ടിരുന്ന അരുണിന്റെ അക്കാലത്തെ ഹീറോ വൈക്കം മുഹമ്മദ് ബഷീർ ആയിരുന്നു. അത്തരം പുസ്തകങ്ങൾക്കൊപ്പം മഹാഭാരതവും രാമായണവും ഒക്കെ അരുൺ ഹൃദിസ്ഥമാക്കി.

സ്കൂൾ പഠനകാലത്ത് സയൻസ് ക്ലബിലൊക്കെ സജീവമായിരുന്ന അരുണിന് ക്ലാസ്സിലെ കൊച്ചു കൊച്ചു സംഭവങ്ങൾ നർമം കലർന്ന ചെറു കുറിപ്പുകളാക്കുന്ന ശീലമുണ്ടായിരുന്നു. അന്നതായിരുന്നു വട്ട്. ക്ലാസ്സിലുള്ള കൂട്ടുകാർക്കിടയിൽ ചുറ്റിക്കറങ്ങി ആ കുറിപ്പുകൾ ധാരാളം ആരാധകരെയും ഉണ്ടാക്കിയെടുത്തു. അങ്ങനെയാണ് എഴുത്തിനുള്ള ആത്മവിശ്വാസം ലഭിച്ചതും ഹൈസ്കൂളിൽ പഠിക്കുമ്പോൾ പാഠ്യവിഷയമായ "ഭീഷ്മരുടെ ശരശയ്യ" നാടകരൂപത്തിൽ ആക്കിയതും നടന്റെ വേഷമണിഞ്ഞതും.

പ്ലസ് ടു കഴിഞ്ഞ് അരുൺ ബി ടെക്കിന് ചേർന്നത് പാമ്പാടി നെഹ്റു കോളേജിൽ ആണ്. അക്കാലത്ത് പഠനത്തേക്കാൾ അരുണിന് കമ്പം സിനിമയോടായിരുന്നു.
കോളേജിനടുത്തുള്ള ഒറ്റപ്പാലം സിനിമാക്കാരുടെ സ്വർഗ്ഗമായിരുന്നു.നിറയെ ഷൂട്ടിങ്ങുകളും പുതിയ ചിത്രങ്ങൾ കാണാനും ധാരാളം അവസരം. അഭിനയമോഹം തലക്ക്

പിടിച്ചപ്പോൾ ഒരിക്കൽ ജയരാജിന്റെ ഒരു സിനിമയുടെ സ്ക്രീനിങ്ങിന് ഒരു കൈ നോക്കുകയും ചെയ്തു.

ബി ടെക് കഴിഞ്ഞ ഉടൻ അരുൺ ഒരു സോഫ്റ്റ്‌വെയർ കമ്പനിയിൽ ജോലി നോക്കിയെങ്കിലും പെട്ടെന്ന് തന്നെ അവിടം വിട്ട് പാലക്കാട്ട് ബാങ്ക് കോച്ചിങ്ങിന് ചേർന്നു.
അവിടെയാണ് അരുണിന്റെ സർഗ്ഗശേഷിക്ക് വെള്ളവും വെളിച്ചവും പകർന്നുകിട്ടിയത്. സമാനചിന്താഗതിയുള്ള സുഹൃത്തുക്കളുടെ കൂട്ടായ്മ അവിടെയാണ് രൂപപ്പെട്ടത്. അതാണ് "വട്ടന്മാർ". കൂട്ടത്തിൽ ഒരു വെബ്സൈറ്റിന് വേണ്ടി സിനിമയെക്കുറിച്ച് ഗോസ്റ്റ് റിപ്പോർട്ട് തയാറാക്കലുമുണ്ടായിരുന്നു. പോക്കറ്റ് മണി ഒപ്പിക്കാനുള്ളതായി ആ വട്ട്.

2012ൽ അരുൺ സൗത്ത് ഇന്ത്യൻ ബാങ്കിൽ ചേർന്നു. പിന്നെ അത് വിട്ട് അലഹബാദ് ബാങ്കിൽ ഐ ടി ഓഫീസർ ആയി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും പെട്ടെന്ന് തന്നെ അതും വിട്ടു. 2013ൽ ആണ് അരുൺ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ചേരുന്നത്, മണ്ണാർക്കാട് ശാഖയിൽ. അവിടെനിന്നും കൊടുവായൂരേക്കും പിന്നീട് ആർ ബി ഓ യിലേക്കും നീണ്ട ഔദ്യോഗികജീവിതം.

കലാജീവിതത്തിന്റെ വഴിത്തിരിവുകൾ ഇവിടെയായിരുന്നു. മിമിക്രി കലാകാരനും നമ്മുടെ ടാലന്റഡ് ബാങ്കറുമായ സതീഷുമായുള്ള സൗഹൃദം തന്റെ ജീവിതത്തെ മാറ്റിമറിച്ചു എന്ന് അരുൺ. അരുണിനെക്കുറിച്ചു പറയുമ്പോൾ സതീഷും ഏറെ വാചാലനായി. 2015ലെ ബാങ്ക്ഫെസ്റ്റിൽ ഇരുവരും ചേർന്നൊരുക്കിയ സ്കിറ്റ് ഏറെ പ്രശംസ നേടി. തുടർന്ന് എല്ലാ വർഷവും ബാങ്ക് ഫെസ്റ്റിലും എസ് ബി ഐ സർഗോത്സവത്തിലും ഈ ടീം തങ്ങളുടെ സാന്നിധ്യവും വൈഭവവും പ്രകടമാക്കി.

2017ലാണ് തന്റെ പ്രിയ ഭൂമികയായ സ്ക്രിപ്റ്റിലേക്ക് അരുൺ കൂടുതൽ ശ്രദ്ധിച്ചു തുടങ്ങിയത്. സിനിമയായാലും കഥകളായാലും നായകനെക്കാൾ വില്ലനെ ഇഷ്ടപ്പെടുന്ന ആളാണ് അരുൺ. വില്ലൻ എത്ര നന്നാവുന്നോ അതാണ് നായകനെയും കഥയെയും മെച്ചപ്പെടുത്തുന്നത് എന്ന് വിശ്വസിക്കുന്ന അരുണിന് പക്ഷെ തന്റെ കഥകൾക്ക് നർമ്മത്തിന്റെ ചേരുവ നൽകാനാണിഷ്ടം.
കഴിഞ്ഞ വർഷം സർഗോത്സവത്തിൽ ഇവരുടെ സ്കിറ്റിനായിരുന്നു ഒന്നാം സ്ഥാനം ലഭിച്ചത്.

ബാങ്കിന്റെ യോനോ ആപ്പ് വഴിയുള്ള കാർ ലോണിന് വേണ്ടി പരസ്യചിത്രം തയാറാക്കിയത് അരുൺ ആണ്. ഇപ്പോൾ ജോലി ചെയ്യുന്നത് കാർ ലോൺ ഡിപ്പാർട്ട്മെന്റിലായത് കൊണ്ട് ഏറെ ആസ്വദിച്ചാണ് അരുൺ ആ ദൗത്യം നിർവഹിച്ചത്.

കഴിഞ്ഞ വർഷം നടന്ന ടി ബി മീറ്റിൽ "നിങ്ങൾ വേറെ ലെവൽ ആണ് മച്ചാനേ.. " എന്ന ടൈറ്റിലോടെ റിലീസ് ചെയ്ത ഷോർട്ട് ഫിലിം ഓർമയുണ്ടാവുമല്ലോ? അതാണ് അരുൺ സ്വന്തം ബാങ്കിന്റെ വേദികൾ വിട്ട് പുറത്തേക്ക് വന്ന ആദ്യസംരഭം. ആ വേദിയെയും അവസരത്തെയും നെഞ്ചോട് ചേർത്ത് പിടിക്കുന്നു അരുൺ.

"വട്ടന്മാർ"സ്വന്തം യൂട്യൂബും ഫേസ്ബുക് പേജും ഒക്കെയായി ഇപ്പോൾ

സാമൂഹ്യമാധ്യമത്തിൽ നിറയുകയാണ്. എട്ടോളം ഹ്രസ്വചിത്രങ്ങൾ ചെയ്ത അരുണിന് കൊറോണയെകുറിച്ച് ചെയ്ത ചിത്രത്തിന് ബാങ്കിന്റെ ചീഫ് ജനറൽ മാനേജർ നൽകിയ അഭിനന്ദനമാണ് ഏറ്റവും വലിയ അവാർഡ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തന്നെ പാലക്കാട് പി ബി ബി യിൽ ജോലി ചെയ്യുന്ന ദിവ്യയാണ് അരുണിന്റെ ജീവിതത്തിലെ കുഞ്ഞുവട്ടുകളുടെ ആദ്യവിമർശക. ദിവ്യയുടെ അച്ഛൻ രാജനും എസ് ബി ഐയിൽ ആയിരുന്നു. കോഴിക്കോട് ആർ എ സി പി സി യിൽ നിന്നും ഈ ഫെബ്രുവരിയിൽ റിട്ടയർ ചെയ്തു. രണ്ട് വയസ്സുള്ള മകൻ അനികേത് അരുണിന്റെ ഒപ്പമായിരുന്നു ടിക് ടോകിൽ അരുണിന്റെ ജനതാകർഷ്യൂ.
തന്റെ ജീവിതത്തിൽ ചലനങ്ങൾ ഉണ്ടാക്കിയ രണ്ടുപേർ സതീഷും ശ്രീ ജി പി രാമചന്ദ്രനും ആണെന്ന് പറയുമ്പോൾ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ റീജിയണൽ സെക്രട്ടറി കൂടിയായ അരുണിന്റെ വാക്കുകളിൽ സ്നേഹം നിറഞ്ഞുതുളുമ്പി.

ഇടയ്ക്കിടെ ചെറിയ ചെറിയ വട്ട് തോന്നുന്നത് ഹ്യസ്വചിത്ര രൂപത്തിലാക്കാൻ "വട്ടന്മാർ" അരുണിനൊപ്പം എപ്പോഴും ഉണ്ട്. വട്ട് മൂത്താൽ നിലക്ക് നിർത്താൻ സതീഷും. വട്ടന്മാരെ കൊണ്ട് നിറഞ്ഞ ഈ ലോകത്ത് ഇത്തിരി വട്ടില്ലാതെ ജീവിക്കാൻ പ്രയാസം എന്ന് കരുതുന്ന അരുണിന് എല്ലാ ആശംസകളും നേരുന്നു.

വട്ടന്മാരുടെ കഥ വായിച്ച് വട്ടായി പുറത്തിറങ്ങണ്ട. അതും ഐഡി ഇല്ലാതെ. കൊറോണ ചോദിക്കില്ല, പക്ഷെ പോലീസ്.. ജാഗ്രത!!!

വട്ടന്മാർ - യൂട്യൂബ് ലിങ്ക് : https://www.youtube.com/channel/UCDvvimS5WGuf-KmiIH9-M4g

FB Video link : https://www.facebook.com/405670666713129/posts/570300013583526/

**English Version**

Stay home, stay safe!!

When our Government made the crucial decision that the best defence against the corona virus would be for all citizens to stay home, the major challenge was determining how well the public would register the importance of this decision to heart. In the next stage we saw them getting stricter in their instructions by warning that those who go out of their own homes unnecessarily would be punished. We are talking about Malayalis here.. if we hear that police would beat, we get excited to know for sure if they would actually do it! When he woke from sleep one day, he ‘saw' the joke in this and thought he could give a message to others through this idea.

He didn’t waste a moment in calling his best friend; “shall we present something?” asked him. The friends got together, the script got readied, shooting done and the result after editing turned out to be a hit.

Our talented banker this week is the brilliant youth who woke up with this idea :

Arunkumar S

State Bank of India
RBO, Palakkad

Arun was born in Kuwait to Sri M. Sundaran, who belonged to Koduvayur and had worked in Kuwait, and Smt Nirmala and was brought to his hometown by the time he started his studies. He did his schooling upto 4th grade at the NSS English Medium School, U P classes at Koduvayur MMMSBS and till 12th grade at Koduvayur Government High School. From young age he loved reading. He had a craze for humour and his hero in those days was Vaikom Muhammad Basheer. Along with such books, he also by hearted the Mahabharat and Ramayan.

Arun, who actively participated in Science clubs during his school days used to make short humorous write ups about daily occurrences in the class. That was his craze then. These write ups got circulated among his friends and attracted many admirers. This gave him the confidence to write, script a drama while at high school, based on the class lesson “Bheeshmarude sarasayya" and act in it.

He joined Pambadi Nehru College for B.Tech. after his 12th grade. He was interested in movies rather than his studies then. There he chanced to watch many shootings and various new movies. When his craze for acting got the better of him, he even tried his hand at the screening of a Jayaraj's movie.

Though he got appointed in a software company as soon as he completed his B.Tech., he soon left the job and went for bank coaching in Palakkad. There his creativity got nurtured, and formed a friends circle of like-minded souls. They named themselves “Vattanmar". They also prepared a ghost report about cinema for a website,another craze - to get pocket money.

Arun joined the South Indian bank in 2012. He further moved on to Allahabad bank as IT Officer but didn’t stay there for long. In 2013 he became a part of the State Bank of India family by joining the Mannarkkad branch. From there he got transferred to Koduvayur and to RBO.

It was a turning point for his artistic talents. He claims that the friendship he developed with Satish, a mimicry artist and a talented banker, transformed his life like never before. Satish too had a lot to share about Arun. The skit that as their brainchild got well appreciated in the 2015 Bank fest. From then on they became an indispensable part of Bank fest and SBI Sargotsavam every year.

Arun started concentrating on his main strength, script writing. He loves villain characters, be it in movies or stories. He believes that the better the villain is, the better the story and the hero would be. He loves to add humour to his stories though. The skit made by the duo won the first prize in last year’s Sargotsavam. Arun prepared the advertisement for availing car loan through the YONO app. As he is presently working in the car loan department, he tremendously enjoyed making the ad.

You would all remember the short film released in the last year’s TB meet with the title “Ningal vere level aanu machaane.." . That was Arun's first try outside the bank platforms. He still cherishes the chance he got at the meet.

“Vattanmar" are filling up the social media through their own YouTube and Facebook pages. Arun, who has done around eight short films, considers the appreciation by the bank’s Chief General Manager for his film about corona as the most precious award.

Divya, working in Palakkad PBB of State Bank of India, is the first critic of the various crazes in Arun’s life. Her father Rajan too worked in SBI and got retired from Kozhikode RACPC this February. Arun did his tik tok Janata curfew alongside his two-year old son Aniketh Arun. When Arun, who is also the State Bank Staff Union Regional Secretary, tells us that the two people who influenced his life are Satish and Sri G.P.Ramachandran,

his words quiver with his unending love for them.

“Vattanmar" are forever with Arun with “katta support” whenever he gets crazy ideas to transform it to a short film. And Satish, to control and tame his craze!

We wish Arun, who strongly believes that to live among the maddening crowd of the world you need to be equipped with a little craze, all the very best..

Don’t tell we didn’t warn you.. kindly refrain yourself from getting crazy after reading about this “Vattanmar" gang and going out at this time.. that too without your “rakshakavach", the ID! Corona may not ask your ID, but the police... Beware!!!

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, State Bank of India, LHO Thiruvanathapuram